ഐ.ഡി.എസ്.പി. - 7.89 ലക്ഷം രൂപ (ഏഴ് ലക്ഷത്തി എൺപത്തി ഒൻപതിനായിരം രൂപ)

ഇമ്മ്യൂണൈസേഷൻ - 72,19,283 ലക്ഷം രൂപ (എഴുപത്തി രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി എൺപത്തിമൂന്ന് രൂപ)

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി - 3,73,000 ലക്ഷം രൂപ (മൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ)

## ജീവനം 2014

102 (809) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനം 2014 എന്ന പദ്ധതിക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്പെഷ്യൽ പ്രോജക്ടിനുള്ള തുക ഉടൻ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ജീവനം 2014 എന്ന പദ്ധതി സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും തന്നെ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ നിലവിലില്ല.

## ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് മിഷൻ 676-ൽ പദ്ധതികൾ

103 (810) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മിഷൻ വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മിഷൻ 676-ൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) 18-5-2014-ലും 6-6-2014-ലും ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ്/സ്ഥാപന മേധാവികളുമായി യോഗം ചേർന്ന് മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വകുപ്പ്/സ്ഥാപന മേധാവികൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കിയത്.

(ഡി) ആരോഗ്യ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരുടെ അദ്ധ്യക്ഷതയിൽ കൃത്യമായ ഇടവേളകളിൽ വകുപ്പ്/സ്ഥാപനമേധാവികളുമായി അവലോകന യോഗം ചേരുകയും പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

**ദേശീയ ആരോഗ്യമിഷൻ**

104 (811) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ആരോഗ്യമിഷൻ (ആരോഗ്യകേരളം) കേരളത്തിൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം സംസ്ഥാനത്തെ ആരോഗ്യ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ 2007-ന് മുമ്പുള്ളതിനെക്കാൾ എത്ര ശതമാനം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അട്ടപ്പാടി പോലുള്ള പിന്നോക്ക ആദിവാസി മേഖലകളിൽ ദേശീയ ആരോഗ്യമിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷവും ശിശുമരണ നിരക്ക് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.